**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 72** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ഭാവി വികസന കുതിപ്പിന് അർദ്ധ അതിവേഗ റെയിൽ പാതയ്ക്കുള്ള പ്രാധാന്യം വിശദമാക്കാമോ; | (എ) | കേരളത്തിലെ ഹൈവേയിലായാലും റെയിൽവേയിലായാലും നമുക്ക് ആർജിക്കാവുന്ന സുരക്ഷിത വേഗം ഇപ്പോൾ ശരാശരി 40-60 കിലോമീറ്ററാണ്. നിലവിലുള്ള റോഡുകളും റെയിൽപാതകളും വികസിപ്പിച്ച് വേഗം കൂട്ടാനുള്ള സാധ്യത ജനസാന്ദ്രതയേറിയ കേരളത്തിൽ കുറവാണ്. ഇനിയും വേഗത്തിൽ യാത്ര ചെയ്യണമെങ്കിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പുതിയ ഗതാഗത മാർഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏറ്റവും അനുയോജ്യമായ ഒരു പദ്ധതിയാണ് സിൽവർ ലൈൻ എന്ന അർദ്ധ അതിവേഗ പാതയിലൂടെ കേരളം ലക്ഷ്യമിടുന്നത്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ തിരുവനന്തപുരം മുതൽ കാസർകോട്ട് വരെയുള്ള 530 കിലോമീറ്റർ നാലു മണിക്കൂർ കൊണ്ട് സഞ്ചരിക്കാനാകും. സിൽവർലൈൻ യാഥാർത്ഥ്യമാവുന്ന ആദ്യവർഷം തന്നെ ഏകദേശം 2.8 ലക്ഷം ടൺ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാനാവും. 2052-ഓടെ വർഷത്തിൽ 5,94,636 ടണ്ണോളം കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽ നിന്ന് കുറയാൻ സിൽവർലൈൻ നിമിത്തമാവും. കേരള വികസനത്തിന്റെ മുഖച്ഛായ മാറ്റുന്നതിനൊപ്പം അന്തരീക്ഷമലിനീകരണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കാനും ഈ ഹരിതപദ്ധതി വഴിയൊരുക്കും. റോ-റോ സർവ്വീസ് വഴി അഞ്ഞൂറോളം ചരക്കുവാഹനങ്ങൾ റോഡിൽനിന്ന് പിന്മാറും. ഇത് സംസ്ഥാനത്തെ രൂക്ഷമായ ഗതാഗതതിരക്ക് മാത്രമല്ല ദിനംപ്രതി വർധിക്കുന്ന റോഡപകടങ്ങളും കുറയ്ക്കും. പദ്ധതി നടപ്പാക്കുമ്പോൾ ലഭിക്കുന്ന സാമ്പത്തിക ഉണർവും ജോലികളും. കോവിഡ് മൂലം |

| | | | |
|---|---|---|---|
| | | | ജോലി നഷ്ടപ്പെട്ടവർക്കും, തകർന്ന സമ്പത്ത് വ്യവസ്ഥയ്ക്കും ഉത്തേജകമാകും സെമിഹൈസ്പീഡ് പദ്ധതി. 2025ൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്ന പദ്ധതിയുടെ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും 50,000 പേർക്കും, പദ്ധതി പൂർത്തിയാക്കുമ്പോൾ 10,000 പേർക്കും ജോലി ലഭിക്കും |
| (ബി) | സിൽവർ ലൈനിന്റെ വിശദ പദ്ധതി രേഖ പ്രകാരം എത്ര കുടുംബങ്ങൾക്ക് തങ്ങളുടെ കിടപ്പാടം വിട്ടുനൽകേണ്ടതായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നാടിന്റെ പൊതുവികസന പദ്ധതിയുടെ ഭാഗമായി കിടപ്പാടവും കൃഷിഭൂമിയും മറ്റ് ജീവനോപാധികളും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും ആകർഷകമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും പദ്ധതിയുണ്ടോ; | (ബി) | സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് 9314 കെട്ടിടങ്ങളെയാണ് അലൈൻമെൻറ് ബാധിക്കുന്നത്. എത്ര കുടുംബങ്ങളെയാണ് ബാധിക്കുന്നത് എന്നതിൻറെ കൃത്യമായ കണക്ക് സാമൂഹിക ആഘാത പഠനത്തിനും വിശദമായ സർവ്വേക്കും ശേഷം മാത്രമെ തിട്ടപ്പെടുത്താനാകൂ. 2013 ലെ RFCTLARR നിയമപ്രകാരമാണ് പുനരധിവാസ പാക്കേജുകളും നഷ്ടപരിഹാരവും നൽകുന്നത് |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതുമൂലം പ്രശ്നം അഭിമുഖീകരിക്കാനിടയുള്ളവരുടെ ആശങ്ക ദൂരീകരിക്കുന്നതിന് സർക്കാർ പ്രസ്തുത പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തിയിരുന്നോ; | (സി) | പാത കടന്നു പോകുന്ന സ്ഥലങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ 2019 ഫെബ്രുവരി 10 ന് സിൽവർലൈനിനെ കുറിച്ച് ഒരു വിശദികരണ യോഗം നടത്തിയിരുന്നു. ഇതു കൂടാതെ "ജനസമക്ഷം സിൽവർലൈൻ" എന്ന പേരിൽ വിശദീകരണ യോഗങ്ങൾ പാത കടന്നു പോകുന്ന ജില്ലകളിൽ നടത്തുവാനുദ്ദേശിക്കുകയും, ഇതിൽ ഒമ്പതു ജില്ലകളിലുള്ള യോഗങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. ബാക്കി 2 ജില്ലകളിൽ (കോഴിക്കോട്, കാസർകോട്) ഉള്ള യോഗം ഉടൻ തന്നെ നടത്തുന്നതുമായിരിക്കും. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബാധിക്കപ്പെടുന്നവരുടെയും, പ്രശ്നങ്ങൾ അഭിമുഖീകരിക്കാനിടയുള്ളവരുടെയും ആശങ്ക ദൂരീകരിക്കുന്നതിനു വേണ്ടി, 2013 ലെ RFCTLARR നിയമം അനുശാസിക്കുന്ന പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് എല്ലാ വീടുകളിലും നേരിട്ട് പോയി, അവരുടെ അഭിപ്രായം ചോദിച്ചറിഞ്ഞ് അത്തരത്തിൽ ഒരു സാമൂഹിക ആഘാത പഠനവും നടത്തിവരുകയാണ്. |
| (ഡി) | അവാസ്തവ പ്രസ്താവനകളിലൂടെയും ദുരുപദിഷ്ട ഇടപെടലുകളിലൂടെയും ജനങ്ങളെ ആശങ്കയിലാക്കി പദ്ധതി അട്ടിമറിക്കുകയെന്ന ലക്ഷ്യത്തോടെ ചിലർ നടത്തുന്ന കുപ്രചാരണങ്ങളെ തുറന്നുകാട്ടുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (ഡി) | സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബാധിക്കപ്പെടുന്നവരുടെയും, പ്രശ്നങ്ങൾ അഭിമുഖീകരിക്കാനിടയുള്ളവരുടെയും ആശങ്ക ദൂരീകരിക്കുന്നതിനു വേണ്ടി, 2013 ലെ RFCTLARR നിയമം അനുശാസിക്കുന്ന പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് എല്ലാ വീടുകളിലും നേരിട്ട് പോയി, അവരുടെ അഭിപ്രായം ചോദിച്ചറിഞ്ഞ് അത്തരത്തിൽ ഒരു സാമൂഹിക ആഘാത പഠനവും |

| | | | |
|---|---|---|---|
| | | | നടത്തിവരുകയാണ്. ഇതു കൂടാതെ സിൽവർലൈൻ പദ്ധതിയെക്കുറിച്ചുള്ള ലഘു ലേഖകൾ വിതരണം ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ